## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 439 | 28.06.2013 ൽ മറുപടിയ്ക്ക് |
|---|---|
| **അട്ടപ്പാടി മേഖലയിലെ അംഗൻവാടികളിലൂടെ വിതരണം ചെയ്യുന്ന പോഷകാഹാരങ്ങളുടെ ഗുണനിലവാര പരിശോധന** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. ബി.ഡി.ദേവസ്സി<br>" എ.കെ.ബാലൻ<br>" വി. ചെന്താമരാക്ഷൻ<br>" പി. ശ്രീരാമകൃഷ്ണൻ** | **ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) അട്ടപ്പാടി മേഖലയിലെ അംഗൻവാടികളിലൂടെ വിതരണം ചെയ്യുന്ന പോഷകാഹാരങ്ങളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ടോ ; | (എ) അംഗൻവാടികളിലൂടെ വിതരണം ചെയ്യുന്ന പോഷകാഹാരങ്ങളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ട്. മാവേലി സ്റ്റോറുകളിൽ നിന്നും വാങ്ങി അംഗൻവാടികളിൽ എത്തിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ നിർദ്ദിഷ്ട അളവിലും ശുചിയായും പാകം ചെയ്ത് നൽകുന്നത് പരിശോധിക്കുന്നതിന് 25 അംഗൻവാടികൾക്ക് ഒരു സൂപ്പർവൈസറും ബ്ലോക്ക് തലത്തിൽ ശിശു വികസന പദ്ധതി ഓഫീസറും ജില്ലാ തലത്തിൽ പ്രോഗ്രാം ഓഫീസറുമുണ്ട്. അമൃതം ന്യൂട്രിമിക്സ് വിതരണത്തിനു മുമ്പായി പബ്ലിക് അനലട്ടിക്കൽ ലബോറട്ടറിയിൽ പരിശോധനക്കയക്കുന്നുമുണ്ട്. |
| (ബി) മുൻ കാലങ്ങളിൽ പോഷകാഹാരങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ടവരിൽ നിന്നും ലഭിക്കുകയുണ്ടായോ ; | (ബി) ന്യൂട്രിമിക്സിന്റെ ഗുണ നിലവാരം സംബന്ധിച്ച റിപ്പോർട്ട് ലഭിക്കാറുണ്ട്. |
| (സി) എങ്കിൽ റിപ്പോർട്ടിലെ ഉള്ളടക്കത്തിന്റെ പ്രസക്ത ഭാഗങ്ങൾ വിവരിക്കാമോ ; | (സി) 2010-ൽ ലഭിച്ച ഒരു റിപ്പോർട്ടിൽ ഗുണനിലവാരം തൃപ്തികരമല്ല എന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടായിരുന്നു. |
| (ഡി) റിപ്പോർട്ടിൻമേൽ എന്ത് തുടർ നടപടി സ്വീകരിച്ചു;വ്യക്തമാക്കുമോ? | (ഡി) 2010-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അമൃതം ന്യൂട്രിമിക്സ് തയ്യാറാക്കുന്ന കുടുംബശ്രീ യൂണിറ്റിന് കർശന നിർദ്ദേശം നൽകിയിരുന്നുപിന്നീട് ഗുണനിലവാരം മോശമായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല |

R. Vijay

സെക്ഷൻ ഓഫീസർ